## സമീപകാല ചരിത്രപഴക്കങ്ങൾ

### കിഴക്കേഅങ്ങാടിയും റോഡും

അഞ്ചുവിളക്ക് എന്നും നാരങ്ങാടി എന്നും പണ്ടു പേരില്ല. ആ പേര് എങ്ങിനെ വന്നെന്നറിയില്ല. ആശുപത്രി മൂലയിൽനിന്നു തെക്കോട്ടുള്ള റോഡും പാലക്കാട്ടേക്കു പോകുന്ന വഴിയും ഉണ്ട്. അമ്പക്കാടൻ കിണർ തൊട്ട് കിഴക്കോട്ട് ആൾ താമസം കുറവായിരുന്നു. പുളിയിലെ കയറ്റം അതായത് മെയിൻ റോഡിൽ നിന്നു പുത്തൻ പള്ളിയിലേക്കുതിരിയുന്ന കവല മുതൽ ആമ്പക്കാടൻ കിണർ വരെയുള്ള ഇപ്പോഴത്തെ കിഴക്കേഅങ്ങാടി സമതലത്തിൽ നിന്നു അല്പം താണു ഒരു ചാലായിരുന്നുവത്രേ. ഒരുപക്ഷേ ഒരു ഇറക്കമായിരുന്നതുകൊണ്ട് വെള്ളം ഒഴുകി മണ്ണൊലിപ്പ് വഴി താണുപോയതായിരിക്കും. ഇതിന്റെ ഇരുകരയിലും ഹൈറോഡിലും പുത്തവൻപേട്ടയിലും ആയിരുന്ന ക്രിസ്ത്യൻ സമുദായക്കാർ അന്ന് താമസിച്ചിരുന്നത്. ഈ വലിയങ്ങാടിയിലെ താഴ്ന്ന വഴി നികത്തിയത് 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ്. അതാണ് മെറ്റൽ വിരിച്ച് നല്ല റോഡാക്കിയത്. ഈ നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിന്റെ ആരംഭത്തിൽ ഇയ്യുണ്ണി വക്കീൽ മുൻസിപ്പൽ കൗൺസിലറും ചെയർമാനും മറ്റും ആയതിനുശേഷമാണെന്ന് അതിന്റെ കോൺട്രാക്റ്റ് പണി ഏറ്റു നടത്തിയതെന്ന് ഇമ്മട്ടി കുഞ്ഞുവറീത് എന്ന കാരണവർ പറയുകയുണ്ടായി.

### കാറും ബസ്സും

2-ാം നൂറ്റാണ്ടിലേക്ക് കടന്നപ്പോഴാണ് ഇടവഴികൾ റോഡായതും കുറേശ്ശെ മെറ്റലിടാനും തുടങ്ങിയത്. ചിലയിടത്ത് കരിങ്കൽ കഷ്ണം മറ്റുചിലയിടത്ത് ചുമന്ന ചല്ലി. 1923 ലോ 24ലോ ആണ് ആദ്യത്തെ ബസ്സ് തൃശ്ശൂരിൽ നിന്ന് ഇരിഞ്ഞാലക്കുട റൂട്ടിൽ ഓടിയത്. പുറകെ കാറും വന്നു അന്ന് അത് അത്ഭുതവസ്തുക്കൾ തന്നെ. അന്നത്തെ ബസ്സിൽ മൂന്നു വശത്തുകൂടി കയറാം. അറ്റത്തു കമ്പി കൊണ്ട് ഒരു തട വച്ച ബഞ്ചുകളായിരുന്നു. ചകിരി കുഷ്യൻ ഇട്ടത്, ഡ്രൈവറുടെ ഒപ്പം ഒരേവരിയിൽ ഇടത്തേ അറ്റത്ത് രണ്ട് പേർക്ക് ഇരിക്കാൻ സീറ്റുണ്ട്. വി.ഐ.പികളെ കയറ്റാൻ ഈ സീറ്റിലെ കുഷ്യൻ മറച്ചിട്ടിരിക്കും. ഡോ.എ.ആർ. മേനോൻ ചെയർമാനായിരിക്കുമ്പോൾ 1934-35 ലാണ് കേരളത്തിലെ തന്നെ ആദ്യത്തെ ബസ്സ് സ്റ്റാന്റ് തൃശ്ശൂർ മുൻസിപ്പൽ മന്ദിരത്തിന്റെ പറമ്പിന്റെ മുൻവശത്ത് പണിതത്. 11 ബസ്സിടാവുന്ന പതിനൊന്ന് മുഖമുള്ള ഒന്നായിരുന്നുവെങ്കിലും ഇത് അന്ന് ജനശ്രദ്ധ ആകർഷിച്ച ഒന്നായിരുന്നു. ഇന്നത് പൊളിച്ച് പണിത് ഒരു ഷോപ്പിങ് കോംപ്ളസാക്കി . ഈ ബസ്സ് സ്റ്റാൻഡിന്റെ പുതുമ കൊണ്ടാവണം ആദ്യത്ത ബാലൻ എന്ന നായകന്റെ യാത്ര ചിത്രീകരിക്കാൻ ഈ ബസ്സ് സ്റ്റാൻഡ് സിനിമയിലാക്കിയത്. ബസ്സ് ഓടി തുടങ്ങിയപ്പോൾ പൊടി ഉയർന്നു. തൃശ്ശൂർ മുനിസ്സിപ്പാലിറ്റി ലോറിയിൽ വെള്ളം സംഭരിച്ച് റോഡിൽ ഫലപ്രദമായി ഇടക്കിടെ തെളിച്ചിരുന്നു. പെട്രോൾ വണ്ടികളായിരുന്നു. എല്ലാ വണ്ടിയും യുദ്ധം വന്നപ്പോൾ ഗ്യാസുകൊണ്ട് ഓടിച്ചുതുടങ്ങി. അതിനുവേണ്ടി വണ്ടിയുടെ ഏറ്റവും പിന്നിലത്തെ സീറ്റ് മുറിച്ച് ഉദ്ദേശ്യം രണ്ടടി സമചതുരത്തിൽ ഏഴടി ഉയരമുള്ള കരി നിറച്ച് തീയിട്ട് കത്തിച്ച് ഗ്യാസുണ്ടാക്കുന്ന ഒരു സംവിധാനം ഉണ്ടാക്കിയിരുന്നു. ബസ്സ് പുറപ്പെടുന്നതിന്റെ

അരമണിക്കൂർ മുൻപ് തീപിടിപ്പിച്ച് കാറ്റനൽകാൻ ഒരു പങ്കകൊണ്ട് തിരിച്ചിരിക്കണം. കാറ്റുകൾ വിരളം ഉള്ളവ തന്നെ ക്യാൻവാസ്സുടോപ്പുള്ളവ മാത്രമായിരുന്നു.

**ഹൈറോഡും വീടുകളും.**

ഹൈറോഡിന്റെ ഇരുവശത്തും ക്രിസ്ത്യീയർ തിങ്ങിപ്പാർത്തിരുന്നുവെന്ന് പറഞ്ഞുവല്ലോ? മുൻവശത്ത് പീടികയും പിൻവശത്തുതാമസവും ഇപ്പോഴും അഞ്ചെട്ടു വീച്ചുകാർ പടിഞ്ഞാറെ വരിയിൽ അവിടെയുണ്ട്. മുൻവശത്ത് നല്ല പീടികമുറി പണ്ട് നിരപ്പലക ഇപ്പോൾ വലിച്ചിടാവുന്ന ഷട്ടർ അതിന്റെ ഒരു സൈഡിൽ 4 അടി വീതിയിൽ അഴിയിട്ട വാതിൽ. അതിൽ കൂടി 25 അടി നടന്നാൽ വിശാലമായ അകത്തളവും വീടിന്റെ മറ്റു എല്ലാ സൗകര്യങ്ങളും. വീടിനെ കുറിച്ച് പറയുമ്പോൾ പണ്ട് ആമ്പക്കാടൻ കിണറിൽ നിന്ന് കിഴക്കോട്ട് പോകുന്ന ഇടവഴി ഉണ്ടെങ്കിലും വീടുകൾ റോഡുവക്കത്തുണ്ടായിരുന്നില്ലെന്നു പഴമക്കാർ ഓർമിപ്പിക്കുന്നു. അതുപോലെ തന്നെ മറ്റു മൂന്നു പ്രധാന ദിശകളിലേക്കുള്ള വഴികളിലും.

**അഞ്ചുവിളക്കും പുത്തൻപേട്ടയും.**

ശക്തൻതമ്പുരാൻ കച്ചവടാവശ്യത്തിനു വിദഗ്ദരായ ക്രിസ്ത്യാനികളെ കിട്ടി. പിന്നീട് അടുത്തുനിന്നെല്ലാം കൊണ്ട് വന്നു. പുത്തൻപേട്ട എന്ന സ്ഥലം രൂപകല്പന ചെയ്തു കുടിയേറ്റി താമസിപ്പിച്ചു. അവർക്കൊരു പള്ളിയും സ്ഥാപിച്ചുകൊടുത്തു. കാൽദായ സുറിയാനി ക്രിസ്ത്യാനികളുടേതായ ഇന്നു വലിയപള്ളിയെന്നു അറിയപ്പെടുന്ന പുതിയശക്തൻതമ്പുരാൻ മാർക്കറ്റിനടുത്തുള്ള പള്ളിയാണ്. ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ എളുപ്പത്തിൽ കിട്ടാറാക്കുന്നതിനു സ്വകാര്യ കച്ചവടസംരംഭകരെ പ്രോത്സാഹിപ്പിക്കുകയാണ് നല്ലതെന്ന് തോന്നി. നടപ്പാക്കിയ ദീർഘവീക്ഷണമുള്ള ഭരണാധികാരിയായിരുന്നു ശക്തൻതമ്പുരാൻ. ഇങ്ങനെ കച്ചവടം നടത്തിയിരുന്ന ചന്തയാണ് പിന്നീട് ഹവാലക്ക് മാർക്കറ്റ് എന്നും അതിനുശേഷം ജയ്ഹിന്ദ് മാർക്കറ്റും ആയി തീർന്നത്. പണ്ട് ഈ ചന്ത പ്ളാവും കൂട്ടം എന്നറിയപ്പെട്ടിരുന്നു. ഇപ്പോഴത്തെ പോസ്റ്റോഫീസ് റോഡിന്റെ കിഴക്കെ അറ്റത്ത് ഹൈറോഡിനും പട്ടാളം റോഡിലും ഇടയ്ക്കുള്ള് റോഡിൽ നിന്ന് വടക്കോട്ട് മാർക്കറ്റിന്റെ ഉള്ളിലേക്ക് പോകുന്ന രണ്ടു റോഡുകളുടെ ഇടയ്ക്കുള്ള സ്ഥലമാണ് പ്ളാവിൻകൂട്ടം. ഈ വലിയ പ്ളാവിൻ കൂട്ടത്തിൽ രണ്ടുവശത്തുകൂടി മാർക്കറ്റിലേക്ക് കടക്കുവാനുള്ള വഴിയാണ് പിന്നീട് റോഡായി മാറിയത്. ഈ പ്ളാവിൻ കൂട്ടത്തിന്റെ പരിസരത്തും നാലു ചുറ്റുമായിരുന്നു ആദ്യം ചന്ത തുടങ്ങിയത്. അവിടെ ഉണ്ടായിരുന്ന കൂറ്റൻപ്ളാവ് മുറിച്ച് പോയി. കെട്ടിടം പണിതു അതിനുശേഷം ഹവാലക്ക് സായിപ്പിന്റെ കാലത്താണ് ചന്ത വികസിപ്പിച്ചതും അയാളുടെ പേരിട്ടതും. അവിടെ പടിഞ്ഞാറുഭാഗത്തായി ഇപ്പോൾ മുൻസിപ്പൽ ജയ്ഹിന്ദ് മാർക്കറ്റ് ബിൽഡിംഗ് നിൽക്കുന്ന സ്ഥലത്താണ് പണ്ട് പോലിസ് സ്റ്റേഷൻ തൊട്ട് വടക്കോട്ട് പൂരപറമ്പ് വരെ മുൻസിപ്പൽ റോഡിന്റെ ഇരുവശത്തും നിരനിരയായി പ്ളാവും നിന്നിരുന്നു. എം.ഒ.റോഡ് വീതികൂടിയപ്പോഴാണ് ഇവ മുറിച്ച് മാറ്റിയത്. സ്വാതന്ത്ര്യസമരവും തൃശ്ശൂർ പ്രക്ഷോഭവും അടിച്ചൊതുക്കുവാൻ നോക്കിയതും അറസ്റ്റുചെയ്തു കൊണ്ടുവന്നിരുത്തിയിരുന്നതും ഈ സ്റ്റേഷനിലായിരുന്നു.